ഉത്തരം

(എ) ഉണ്ട്.

(ബി) 2010 നവംബർ മാസം വരെ 32.12% വിനിയോഗിച്ചിട്ടുണ്ട്.

(സി)

ഇനം	ലഭിച്ചതുക (കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)
കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികൾ	425.49	347.28
നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യവികസന ഫണ്ട്.	12.3	12.3

എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതിക്ക് 2010-11-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 279.67 കോടി രൂപയിൽ 21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പിൽനിന്നും 68.13 കോടി രൂപ ഈ വർഷം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചത് പ്രകാരമുള്ള വിഹിതമാണ് 1-4-2006 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നത്.

ഇരട്ട നഗരപദ്ധതി

178(470) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയും ബാഴ്സലോണാ നഗരസഭയും സംയുക്തമായി ആവിഷ്ക്കരിച്ച ഇരട്ട നഗരപദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തത്തിൽ ഇരട്ടനഗര പദ്ധതി ആവിഷ്ക്കരിക്കുന്നതിൽ സഹകരണത്തിന് തയ്യാറാണെന്ന് ബാഴ്സലോണ നഗരസഭ അറിയിച്ചിട്ടുണ്ടായിരുന്നുവോ;

(സി) മുൻ നഗരസഭയുടെ കാലാവധി അവസാനിക്കുന്നതിന് വളരെ മുൻപായി തന്നെ ഇതിന് സമ്മതപത്രം ലഭിച്ചിട്ടും ഇക്കാര്യത്തിൽ തിരുവനന്തപുരം നഗരസഭ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴത്തെ നഗരസഭ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇന്ത്യൻ ഭരണഘടനയുടെ 246-ാം ആർട്ടിക്കിളിലെ 7-ാം പട്ടികയിലെ യൂണിയൻ ലിസ്റ്റിലെ 14-ാം ഐറ്റം പ്രകാരം വിദേശരാജ്യങ്ങളുമായുള്ള പദ്ധതികളുടെ കരാറിൽ ഏർപ്പെടുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്. പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള കരട് കരാർ തയ്യാറാക്കി കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി നടന്നുവരികയാണ്.

(ബി-ഡി) തിരുവനന്തപുരം നഗരസഭയും ബാഴ്സിലോണ സിറ്റി കൗൺസിലും തമ്മിൽ ചർച്ചകൾ നടന്നിരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമാകാത്തതിനാൽ ബാഴ്സിലോണയെ രേഖാമൂലം അറിയിച്ചിട്ടില്ല. കൂടാതെ തിരുവനന്തപുരം നഗരസഭയും ബാഴ്സിലോണയും തമ്മിലുള്ള ഇരട്ട നഗരം പദ്ധതിയുടെ കരട് കരാർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സമ്മതപത്രം ലഭിച്ചിട്ടില്ല.

ഹരിയാലി പദ്ധതി

179(471) ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിയാലി പദ്ധതി നടപ്പാക്കിയതു മുഖേനയുണ്ടായിട്ടുള്ള പ്രയോജനവും നേട്ടവും വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നല്കാമോ;

(ബി) രണ്ടാം ഗഡു കേന്ദ്ര സഹായം ലഭിച്ച ഇരുപത് പ്രോജക്ടുകൾക്കായി കേന്ദ്ര ഗവൺമെന്റ് ഇതേവരെ നല്കിയ സഹായം എത്രയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇതുപത്തി ആറ് പദ്ധതികൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ; ആറു പദ്ധതികൾ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഗഡുവിന് അർഹതനേടാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) വികസിപ്പിച്ച തരിശുഭൂമിയുടെ പ്രോജക്ട് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതേ വരെ ഈ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകയും, ലഭിച്ച കേന്ദ്ര സഹായവും എത്രയാണെന്ന് വിശദമാക്കുമോ;

(ഇ) തരിശുഭൂമി ഏറെയുള്ള മലബാർ മേഖലയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം കൂടുതലായി ലഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly